(ബി) ഇതിൽ ഏത്രയെണ്ണത്തിൽ നിന്നാണ് കരാർ പ്രകാരം ജലം നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ജലം ചോർത്തൽ തടയാൻ സ്വീകരിച്ച നടപടികളും ഫല പ്രദമാണോ?

ഉത്തരം

(എ) പെരിയാറിന്റെ പോഷക നദിയായ മുല്ലയാറിൽ (മുല്ലപ്പെരിയാർ) നിന്നും തമിഴ്നാട്ടിൽ നിന്നും ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്നതും പെരിയാറിന്റെ പോഷക നദിയുമായ നീരാറിൽ നിന്നും ചാലക്കുടി പുഴയുടെ പോഷക നദികളായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ എന്നിവയിൽ നിന്നും ഭാരത പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയിൽ നിന്നും ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്നും നെയ്യാറിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നുണ്ട്.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാറിൽ നിന്നും 1970-ലെ പറമ്പിക്കുളം ആളിയാർ നദീജലക്കരാർ പ്രകാരം പെരിയാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ എന്നീ മൂന്ന് നദികളിൽ നിന്നും പെരിയാറിന്റെ പോഷക നദിയായ നീരാറിൽ നിന്നും ചാലക്കുടി പുഴയുടെ പോഷക നദിയായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ എന്നിവയിൽ നിന്നും ഭാരതപ്പുഴയുടെ പോഷക നദിയായ പാലാർ, ആളിയാർ എന്നിവയിൽ നിന്നും 1973-ലെ ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ പ്രകാരം ഭവാനിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്നും തമിഴ്നാടിന് ജലം നൽകി വരുന്നു.

(സി) ഫലപ്രദമാണ്.

കടൽഭിത്തി നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ അനുവദിച്ച തുക

70 [2679] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പതിനൊന്നും പന്ത്രണ്ടും ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ സംസ്ഥാനത്തിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് ഈ അവാർഡുകളിൽ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ കടൽഭിത്തി നിർമ്മാണത്തിന് സംസ്ഥാനത്തിന് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞുവോ; എങ്കിൽ ആ തുക ചെലവഴിച്ചതിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) പൂന്തുറ മുതൽ പൊഴിയൂർ വരെയുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനൊന്നും പന്ത്രണ്ടും ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ താഴെ ചേർത്തിരിക്കുന്നു:

പതിനൊന്നാം ധനകാര്യ കമ്മീഷൻ മേഖല:	തുക (രൂപ കോടിയിൽ)
1. കേന്ദ്ര നികുതി-ചുങ്ക വിഹിതം	11,504.04
2. നദീദേശീകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	404.88
3. ദുരിതാശ്വാസ നിധി	278.66
4. ഭരണ നിലവാരം ഉയർത്തുന്നതിന് പ്രത്യേക ധനസഹായത്തിനുള്ള ഗ്രാൻറ്:	
(a) പോലീസ് ഭരണ നിർവ്വഹണം	23.00
(b) ജയിൽ ഭരണ നിർവ്വഹണം	3.00
(c) ഫയർ സർവ്വീസ്	3.00
(d) ജുഡീഷ്യൽ സർവ്വീസ്	10.87
(e) ഫിസിക്കൽ ഭരണ നിർവ്വഹണം	11.00
(f) ആരോഗ്യ രംഗം	9.00
(g) സ്കൂൾ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം	6.02
(h) പ്രാഥമിക വിദ്യാഭ്യാസം	1.00
(i) പബ്ലിക് ലൈബ്രറി	3.80
(j) പൈതൃക സ്വത്ത് സംരക്ഷണം	2.00
(k) പാരമ്പരാഗത ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കൽ	6.45
(l) കടൽകയറ്റം തടയൽ	50.00
ആകെ	12316.72

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ മേഖല:	തുക (കോടിയിൽ)
1. കേന്ദ്ര നികുതി-ചുങ്ക വിഹിതം	16353.21
2. നദീദേശീകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	1,134.00
3. ദുരിതാശ്വാസ നിധി	354.32
4. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനുള്ള ധനസഹായം	470.37
5. അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം:	
(a) റോഡുകൾ, പാലങ്ങൾ	642.32
(b) പൊതു കെട്ടിടങ്ങൾ	103.50
(c) വനം	25.00
(d) പരമ്പരാഗത സ്വത്തു സംരക്ഷണം	25.00
6. സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ധനസഹായം:	
(a) ഉൾനാടൻ ജലഗതാഗതവും കനാലുകളും	225.00
(b) തീരദേശ മേഖല	175.00
(c) സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ	100.00
ആകെ	19607.72

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടൽഭിത്തി നിർമ്മാണത്തിന് 11-ാം ധനകാര്യ കമ്മീഷൻ 50 കോടി രൂപയും 12-ാം ധനകാര്യ കമ്മീഷൻ 175 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ചെലവഴിച്ചുകഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) പൊഴിയൂർ-കൊല്ലങ്കോട്, വിഴിഞ്ഞം, പനത്താക്കര ഭാഗങ്ങളിലായി 5.146 കി. മീ. ദൂരത്തിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണ പണികൾ കാലാകാലങ്ങളിൽ നടത്തിവരുന്നു.

കടൽഭിത്തി നിർമ്മാണവും കരിമണൽ ഖനനവും

71 [2680] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങൾ ഏതെല്ലാമാണ്; ഈ സ്ഥലങ്ങളിൽ ആകെ എത്ര കി. മീ. ദൂരത്തിൽ കടലാക്രമണം ഉണ്ടാകുന്നു;

(ബി) ഈ സ്ഥലങ്ങളിൽ എത്ര കി. മീ. ദൂരത്തിൽ കടലാക്രമണ നിരോധനത്തിനായി കടൽഭിത്തി കെട്ടിയിട്ടുണ്ട്;

(സി) കടൽഭിത്തി കെട്ടിയിട്ടുള്ള സ്ഥലങ്ങളിൽ കരിമണൽ പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ടോ;

(ഡി) ഈ പ്രദേശങ്ങളിൽ ഇനിയെത്ര കി. മീ. ദൂരത്തിൽ കടൽഭിത്തി കെട്ടാനുണ്ട്;

(ഇ) ഇനി കടൽഭിത്തി കെട്ടാനുള്ള ഈ സ്ഥലങ്ങളിൽ എത്ര കി.മീ. ദൂരത്തിൽ കരിമണൽ ഖനനത്തിന് സാദ്ധ്യതയുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല:

പൂവാർ, വിഴിഞ്ഞം, കൊല്ലങ്കോട്, പൂന്തുറ, വേളി, പെരുമാതുറ, താഴംപള്ളി, വർക്കല.

കൊല്ലം ജില്ല:

അഴീക്കൽ, പണ്ടാരത്തോപ്പ്, പന്തക്കടവ്, ജയന്തി കോളനി, ശ്രായിക്കാട്, കുഴിത്തുറ, ആലപ്പാട് സെന്റർ, കാറോടികോളനി, കാക്കത്തോപ്പ്, ചെറിയഴീക്കൽ, പണിക്കർകടവ്, പണ്ടാരത്തുരുത്ത്, വെള്ളനാത്തുരുത്ത്, ശക്തികുളങ്ങര, പരവൂർ, ചിലക്കൂർ, താന്നി,

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[28-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 70 (2679) കാണുക.]

Abstract

ACTION PLAN (UPGRADATION AND SPECIAL PROBLEM GRANTS) : ANTI SEA EROSION

Details of year-wise phasing

Sl. No.	Name of District Coast	Total Length (Km.)		Total Cost (Rs. in Lakhs)		Physical/Financial Target Year-wise phasing					
						Ist & 2nd phase		IIIrd phase		IVth phase	
		Original	Reformation	Original	Reformation	Length (Km.)	Cost (Lakhs)	Length (Km.)	Cost (Lakhs)	Length (Km.)	Cost (Lakhs)
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1	Thiruvananthapuram	2.259	5.473	341.91	499.29	3.94	387.10	0.96	87.33	2.83	366.77
2	Kollam	..	8.41	..	880.26	3.52	341.76	1.27	138.85	3.62	399.65
3	Alappuzha	1.69	2.18	411.50	300.70	1.84	331.24	1.47	292.04	0.56	88.92
4	Eranakulam	10 Groynes	3.25	37.90	472.47	1.05	128.48	2.20	381.89	..	..
5	Thrissur	0.30	1.92	46.13	182.29	0.82	76.49	0.63	64.76	0.76	87.17
6	Manjeri	0.75	4.55	130.50	318.41	2.58	184.59	2.22	219.42	0.50	44.90
7	Kozhikode	2.56	1.31	358.96	120.28	1.95	211.31	0.47	71.79	1.46	196.14
8	Thalasseri	0.32	1.15	49.48	82.44	0.97	95.99	0.20	11.93	0.30	24.00
9	Kasaragode	4.83	0.40	730.68	36.80	2.05	268.97	2.48	391.81	0.70	106.70
	Total	12.70 +10 Groynes	28.63	2107.06	2892.94	18.72	2025.93	11.89	1659.82	10.72	1314.25
				5000.00							